# ഒരു തുള്ളി കണ്ണുനീർ



മൂകതയുടെ നീണ്ട
നിമിഷങ്ങൾ തൻ തുമ്പിൽ
വാടിയ കിനാവുകൾ
ദീർഘനിശ്വാസം ചെയ്കേ

ഈവഴി വരും കാറ്റേ!
നിൻെറ പാതകൾ തോറും
ഈ മലവാരം മേഘ–
പാളികൾ വിരിക്കുന്നു.

തപ്തമാം മണൽവിരി–
പ്പിൻെറ മോഹങ്ങൾക്കു മേൽ
ഉൾക്കുളിർ പകരുവാ–
നെത്തിടുമിളം കാറ്റേ!

പൂവുകളണിയുന്ന
കുടമുല്ലതന്നാർദ്ര–
മാകിയ കവിളിണ
മുകരാനെത്തും കാറ്റേ!

ഈ വനനികുഞ്ജക–
ച്ഛായകൾ നീളേ വാടി
വീണ പൂവിതളിൻെറ
കണ്ണുനീരണിമുത്താൽ

മാലകോർത്തിരിക്കുന്ന
മൂകവേദനകളെ
ഈ വഴി പോകുന്നേരം
നീയറിയുന്നീലല്ലോ.

എങ്ങിനെ വിളിക്കുവാൻ
നിന്നെ ഞാൻ വിറയാർന്ന
ചുണ്ടിനാൽ, വസന്തത്തിൻ
മാറിൽ നീ മയങ്ങുമ്പോൾ? ■

1963 കൗമുദി വാരിക